<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4961</u> <u>14-03-2023 - ൽ മറുപടിയ്ക്ക്</u>

<u>റോഡ് ബി.എം. ആന്റ് ബി.സി.യിൽ പൂർത്തീകരിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പതിനയ്യായിരം കിലോമീറ്റർ റോഡ് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുന്നുണ്ടോ; എങ്കിൽ പ്രസ്തുത രീതിയിൽ നാളിതുവരെ എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തികൾ നടന്ന് വരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ 15000 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ എത്തിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. നിലവിൽ ഏകദേശം 14100 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തികഴിഞ്ഞു കൂടാതെ ഏകദേശം 1100 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് മാത്രമായി നാല്പതിനായിരം കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ വഴിയാണ് ഈ തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് ഊന്നൽ നൽകി കൊണ്ട് പ്രത്യേക പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. റോഡ് നവീകരണത്തിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ്, നഗര വികസന പദ്ധതികൾ നബാർഡ് CRIF തുടങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് റോഡ് നവീകരണം സാധ്യമാക്കുന്നത്. അതോടൊപ്പം സംസ്ഥാനത്ത് ദേശീയപാത-66 ന്റെ വികസന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. കൂടുതൽ ഡിസൈൻഡ് റോഡുകൾ എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര തുക റോഡ് നിർമ്മാണത്തിനായി നീക്കി വച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷം SH, MDR എന്നീ പ്ലാൻ ഹെഡുകളിൽ ഉൾപ്പെടുത്തി 581.5 കോടി രൂപയുടേയും നബാർഡ് പദ്ധതിയിൽ 107 കോടി രൂപയുടേയും ശബരിമല പ്രവൃത്തികൾക്കായി 224.97 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം നാളിതുവരെ SH, MDR ഹെഡുകളിൽ 343 കോടി രൂപയുടേയും, നബാർഡ് പദ്ധതിയിൽ 119.7 കോടി രൂപയുടേയും ശബരിമല പ്രവൃത്തികൾക്കായി 169.53 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ |

| | | | |
|---|---|---|---|
| | | | ഹെഡുകളിലായി 2021-22 വർഷം 1461 കോടി രൂപയും നടപ്പ സാമ്പത്തിക വർഷം നാളിതുവരെ 960.91 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2023-24 വർഷത്തിൽ റോഡ് നിർമ്മാണത്തിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | 2023-24 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനപാതകളുടെ പുനരുദ്ധാരണത്തിന് 61.77 കോടി രൂപയും പ്രധാന ജില്ലാപാതകളുടെ വികസനത്തിന് 237.45 കോടി രൂപയും നബാർഡ് റോഡ് പ്രവൃത്തികൾക്ക് 164.74 കോടി രൂപയും ശബരിമല പ്രവൃത്തികൾക്ക് 12.82 കോടി രൂപയും പ്ലാൻ ഹെഡിൽ നീക്കിവച്ചിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര റെയിൽവേ മേൽപ്പാലങ്ങൾ പണിയുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കിയെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നുവെന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര മേൽപ്പാലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | (ഇ) | 72 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി RBDCK-യെ ചുമതലപ്പെടുത്തിയതിൽ 66 എണ്ണം കിഫ്ബി ഫണ്ട് ഉപയോഗിച്ചും 6 എണ്ണം ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ചുമാണ് നടപ്പിലാക്കുന്നത്. ഇതിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി.-യുടെ നിർമ്മാണം പൂർത്തിയാക്കി. ലെവൽ ക്രോസ് മുക്ത കേരളം പദ്ധതിയിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട 10 ആർ.ഒ.ബി കളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൂടാതെ ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 3 ആർ.ഒ.ബി- കളുടെ നിർമ്മാണം പുരോഗമിച്ച് വരികയാണ്. ഈ 13 മേൽപ്പാലങ്ങൾ കൂടാതെ ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന 21 മേൽപ്പാലങ്ങളുടെയും കൂടി നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ